**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3081** **25-10-2021 - ൽ മറുപടിയ്ക്ക്**

**സീ പ്ലെയിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2011-16 കാലത്ത് നടപ്പിലാക്കുന്നതിനായി തീരുമാനിച്ച സീ പ്ലെയിൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) | സാങ്കേതിക അനുമതികൾ ലഭ്യമായ ജലവിമാനങ്ങളുടെ ഓപ്പറേറ്റർമാർ ആരും വ്യാവസായികാടിസ്ഥാന ത്തിലുള്ള സർവ്വീസുകൾ ആരംഭിക്കുവാനായി മുന്നോട്ടുവരാത്തതിനാൽ സീപ്ലെയിൻ പദ്ധതി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ, പദ്ധതിക്കായി ഒരുക്കിയിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം മേഖലയിലെ വിവിധ ഉപയോഗങ്ങൾക്കായി പുനർവിന്യസിക്കുകയാണുണ്ടായത്. |
| (ബി) | ആയതിന് മേല്പറഞ്ഞ കാലയളവിൽ എത്ര തുക വിനിയോഗിച്ചു; എന്തെല്ലാം കാര്യങ്ങൾക്കായാണ് തുക ചെലവഴിച്ചതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ? | (ബി) | ഈ കാലയളവിൽ പദ്ധതിക്കായി ആകെ 13,73,50,111/- രൂപയാണ് ചിലവഴിക്കപ്പെട്ടിട്ടുള്ളത്. ഇത് താഴെ പറയുന്ന കാര്യങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്. 1. അടിസ്ഥാന സൗകര്യങ്ങൾ : 6,14,23,511 രൂപ 2. അഡ്മിനിസ്ട്രേഷൻ മറ്റു ചിലവുകൾ : 1,58,08,297 രൂപ 3. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് : 3,90,27,682 രൂപ 4. പരസ്യം ആൾ ഇന്ത്യ, വിഷ്വൽ മീഡിയ അടക്കം) : 1,88,70,983 രൂപ 5. ഉദ്ഘാടനം : 22,19,638 രൂപ ആകെ - 13,73,50,111 രൂപ |

സെക്ഷൻ ഓഫീസർ